## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3116.

19-06-2018 ൽ മറുപടിയ്ക്ക്

## മണലൂർ മണ്ഡലത്തിലെ ഇരുപ്പ് കൃഷി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒരുപ്പ് നിലങ്ങൾ ഇരുപ്പ് നിലങ്ങളാക്കി മാറ്റി കൃഷി നടത്തുമ്പോൾ കൃഷി വകുപ്പ് കർഷകർക്ക് നൽകുന്ന ധന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ഒരുപ്പ് കൃഷി ഇരുപ്പ് കൃഷി ആക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിഘടകം പ്രകാരം ഹെക്ടറൊന്നിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 1,600/- ഹെക്ടറിലെ ഒരുപ്പുകൃഷി ഇരുപ്പ് ആക്കുന്നതിനായി 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മണലൂർ മണ്ഡലത്തിൽ 2017-18 വർഷം എത്ര ഹെക്ടറിൽ ഇരുപ്പ് കൃഷി ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മണലൂർ മണ്ഡലത്തിൽ 2017-18 വർഷം 153 ഹെക്ടറിൽ ഇരുപ്പ് കൃഷി ചെയ്തിട്ടുണ്ട്. |
| (സി) | രണ്ടാം വിള കൃഷിയിൽ ഒന്നാം വിളയെക്കാൾ ഉത്പാദനം കുറവായതിനാൽ കർഷകർക്കുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിന് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) | രണ്ടാം വിളയുടെ ഉല്പാദനക്ഷമത കുറവാകുന്നതാണ് ഉല്പാദനം കുറയുന്നതിന്റെ കാരണം. കാലാവസ്ഥയുമായി ബന്ധപ്പെട്ടും പകലിന്റെയും രാത്രിയുടെയും ദൈർഘ്യവുമായി ബന്ധപ്പെട്ടും ഉണ്ടാകുന്ന പ്രസ്തുത പ്രതിഭാസം നെല്ലിന്റെ ജനിതക സ്വഭാവമാണ്. ആയതിന് പ്രത്യേക ആനുകൂല്യം നൽകാൻ വ്യവസ്ഥയില്ല. അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങൾ കൃഷി ചെയ്ത് ഒരു പരിധി വരെ ഉല്പാദനക്കുറവ് പരിഹരിക്കുവാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**